മിസ്റ്റർ പി. സി. ചാഞ്ചൻ.—സ്റ്റാമ്പു വാങ്ങാനായി അയ്യാൾ അകത്തു പ്രവേശിച്ചിട്ടില്ല. അന്നു് ഞാനും കൂടെ ഉണ്ടായിരുന്നു. ഇരിങ്ങാലക്കുട പുലയ മീററിംഗിൽ സംബന്ധിക്കുവാൻ പോയിരുന്ന വഴിക്കു് ഞാനും ഒന്നിച്ചാണു് അഞ്ചലാഫീസിൽ ചെന്നതു്, വാസ്തവത്തിൽ അകത്തു പ്രവേശിച്ചിട്ടില്ല. അകത്തു പ്രവേശിച്ചെന്നു പറയുന്നതു് ജാതിക്കുറ്റമുണ്ടാകൊണ്ടാണു്. അകത്തു പ്രവേശിച്ചുകടന്ന അയ്യാളിനും നല്ലവണ്ണം അറിയാം.

പ്രസിഡെണ്ടു്.—ഏതു സംഗതിക്കാണു് മറുപടി വേണ്ടതു്? ഇവിടെ ഇപ്പോൾ ഇതൊന്നും വിസ്തരിക്കാൻ പാടില്ല. ഉപചോദ്യം ചോദിക്കാനുണ്ടെങ്കിൽ മാത്രമേ ചോദിക്കാവൂ.

മിസ്റ്റർ പി. സി. ചാഞ്ചൻ.—അകത്തു കടന്നു എന്നു പറയുന്നതു് തെറ്റാണെന്നു ഞാൻ അറിയിക്കയാണു്. അതിനെപ്പററി വീണ്ടും ഒന്നന്വേഷിക്കാമോ?

രാമവർമ്മ തമ്പുരാൻ.—അങ്ങിനെ ആവശ്യമുണ്ടെങ്കിൽ വീണ്ടും അന്വേഷിക്കാം.

മിസ്റ്റർ പി. സി. ചാഞ്ചൻ.—ക്ലാക്കിനേയും കൂട്ടിക്കൊണ്ടു ചെല്ലാൻ മിസ്റ്റർ വള്ളുവനോടു ആർഡർ കൊടുക്കുകയുണ്ടായൊ?

രാമവർമ്മ തമ്പുരാൻ.—അറിവില്ല.

മിസ്റ്റർ പി. സി. ചാഞ്ചൻ.—കൊടുക്കയുണ്ടായി. സാധാരണയായി ഗവർമ്മെണ്ടുദ്യോഗസ്ഥൻ ഒരു സാധാരണക്കാരനെ കൂട്ടിക്കൊണ്ടു പോകാം. എന്നാൽ ഒരു സാധാരണക്കാരൻ ഒരു ഗവർമ്മെണ്ടു ഉദ്യോഗസ്ഥനെയും കൂട്ടിക്കൊണ്ടു ചെല്ലാൻ പറയുന്നതു് നടക്കാത്തതാണു്. ഇതിനുംതക്ക റിക്കാർഡു് എനിക്കുണ്ടു്. വേണമെങ്കിൽ ഹാജരാക്കാം.

രാമവർമ്മ തമ്പുരാൻ.—അങ്ങിനെ പറഞ്ഞതായി അറിവില്ല. ഇതിനെയെല്ലാററിനേയും പററി ഒരിക്കൽകൂടി അന്വേഷണം നടത്താം.

## Stipends for Pulaya girls for Midwifery, etc.

**100.** മിസ്റ്റർ പി. സി. ചാഞ്ചൻ.—താഴെ പറയുന്ന ചോദ്യത്തിനുത്തരം നല്കുവാൻ ഗവർമ്മെണ്ടിനു ദയവുണ്ടാകുമൊ.—

കൊച്ചി രാജ്യത്തെ ഹോസ്പിററലുകളിൽ (Hospitals) പുലയപെൺകുട്ടികളിൽ ക്രിസ്ത്യാനികളായവർക്കും അകാത്തവർക്കും നേഴ്സിങ്ങിനും മിഡ്വൈഫറിക്കും പഠിക്കുവാൻ പ്രാപ്തിയുള്ള കുട്ടികൾ ഉണ്ടെങ്കിൽ സ്റ്റൈപ്പൻറ് കൊടുത്തു പഠിപ്പിക്കുവാൻ ബഹു: ഗവർമ്മെണ്ടു ദയ വെക്കുമൊ?

ദിവാൻ ബഹദൂർ ഡാക്ടർ വി. വർഗ്ഗീസ്.—ഗവർമ്മെണ്ടു നിബന്ധനകൾ അനുസരിച്ചുള്ള പഠിപ്പും മറുമുണ്ടെങ്കിൽ സ്റ്റൈപ്പൻറ് കൊടുത്തു പഠിപ്പിക്കുവാൻ വിരോധമില്ല.

## Vyttila-Eravur Ferry.

**101. Mr. P. Krishna Menon.**—Will the Government be pleased to state whether the Government have passed orders on the report sent to Government by the Diwan Peishkar for opening a new pathway to the above ferry?

**Mr. T. M. Krishna Menon.**—Yes. An extract from the Diwan's Proceedings Dis. No. 1610/D/05, dated 18th June 1930 is appended. (*Vide Appendix A*)

**Mr. P. Krishna Menon.**—The Government have passed orders for the opening of the pathway. May I know whether the Superintendent of Agriculture and Panchayats has provided

LIBRARY ARCHIVES Kerala Legislative Assembly